I ഇ.ബി. XV - കേരള നിയമസഭ/VII-2

## പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ഡിസംബർ 06, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനെതിരെ മത്സ്യത്തൊഴിലാളികൾ നടത്തുന്ന സമരം ഒത്തുതീർപ്പാക്കാത്തതുമൂലം പ്രദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനം ഉറ്റുനോക്കുന്ന ഒരു വിഷയമായതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) റബ്ബറിന്റെയും നാളികേരത്തിന്റെയും വിലയിടിവിന് കാരണമായ കേന്ദ്രനയം തിരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: നാളികേര, റബ്ബർ കർഷകർ ഏറ്റവും വലിയ പ്രതിസന്ധി ഇന്ന് അഭിമുഖീകരിക്കുകയാണ്. നാളികേരത്തിന്റെ ഉല്പാദനച്ചെലവ് കൂടുകയും വില കുറയുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. സസ്യ എണ്ണയുടെ അനിയന്ത്രിതമായ ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ അനുവാദം നൽകുന്നതും നാളികേര സംഭരണത്തിൽനിന്ന് നാഫെഡും കേരഫെഡും പിൻമാറിയതും കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. രാജ്യാന്തര വിപണിയിലെ വിലയിടിവും വൻകിട കമ്പനികൾക്കനുകൂലമായ ഇറക്കുമതി നയങ്ങളുംമൂലം റബ്ബർ കൃഷിയിൽനിന്ന് കർഷകർ പിന്തിരിയുകയാണ്. ഈ മേഖലയിലെ കർഷക ദ്രോഹനയം തിരുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ താങ്ങിനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന

റബ്ബറിന്റെയും നാളികേരത്തിന്റെയും വിലയിടിവ് കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. നാണ്യവിളകളുടെയും കാർഷിക വിഭവങ്ങളുടെയും കയറ്റിറക്കുമതി നയങ്ങൾ തീരുമാനിക്കേണ്ടത് സംസ്ഥാനങ്ങളുടെ അഭിപ്രായംകൂടി മാനിച്ചായിരിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചെങ്കിലും അനുകൂല നടപടിയുണ്ടായിട്ടില്ല. നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിച്ച് ഉല്പാദനം പ്രോത്സാഹിപ്പിക്കാനായി വിവിധ ഏജൻസികളുടെ കീഴിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുകയും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങാനുള്ള പ്രവർത്തമാരംഭിക്കുകയും കേരഫെഡും വി.എഫ്.പി.സി.കെ.-യും ആരംഭിക്കുന്ന സംഭരണ കേന്ദ്രങ്ങളിൽ 11 എണ്ണം വീതം മൊബൈൽ പ്രൊക്യൂർമെന്റ് കേന്ദ്രങ്ങളാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ സംഭരണ കേന്ദ്രങ്ങളിലൂടെ 01-12-2022 വരെ പച്ചത്തേങ്ങ സംഭരിച്ച ഇനത്തിൽ 18 കോടി രൂപ കേരഫെഡ് കർഷകർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ പച്ചത്തേങ്ങയുടെ വില വർദ്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡ്, മാർക്കറ്റ്ഫെഡ്, വി.എഫ്.പി.സി.കെ. എന്നിവയെ സ്റ്റേറ്റ് ലെവൽ ഏജൻസിയായി

പ്രഖ്യാപിച്ചിട്ടുണ്ട്. സംഭരണ കാലാവധി 31-03-2023 വരെ നീട്ടണമെന്നും സംഭരണ ഏജൻസികൾ സ്വന്തം ആവശ്യത്തിനായി കൊപ്ര സംഭരിക്കാൻ പാടില്ലെന്ന വ്യവസ്ഥയിൽനിന്നും കേരഫെഡിനെ ഒഴിവാക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയുടെ എട്ടാംഘട്ട നടത്തിപ്പിലേയ്ക്കായി പുതുക്കിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും പദ്ധതിയിൽ രജിസ്റ്റർ ചെയ്യാത്ത കർഷകർക്ക് 30-11-2022 വരെ ചേരാനുള്ള അനുമതി നൽകുകയും 2022-23 വർഷത്തിലെ പദ്ധതി നടത്തിപ്പിനായി 500 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കർഷകർക്കനുകൂലമായ നിലപാട് സ്വീകരിക്കാനുള്ള ശ്രമം നടത്തുന്നതാണ്.

### (2) കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. രമേശ് ചെന്നിത്തല: വിപണിമാന്ദ്യവും ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും വിൽപ്പന വിലയിലുണ്ടാകുന്ന നഷ്ടം പ്രൈസ് ഫ്ലക്ച്വേഷൻ ഫണ്ടിൽനിന്നും നൽകുന്ന രീതി നിർത്തലാക്കിയതുംമൂലം കയർ മേഖല വൻപ്രതിസന്ധി നേരിടുകയാണ്. സംഭരണം കൃത്യമായി നടക്കാത്തതിനാൽ ഏകദേശം 70 കോടി രൂപയിലധികം വിലമതിക്കുന്ന ഉത്പന്നങ്ങൾ ഗോഡൗണുകളിൽ കെട്ടിക്കിടക്കുകയാണ്. കയർഫെഡിന്റെ

നിയന്ത്രണത്തിലുള്ള നാല് ഡീഫൈബറിംഗ് യൂണിറ്റുകൾ രണ്ട് വർഷമായി പ്രവർത്തിക്കുന്നില്ലെന്ന് മാത്രമല്ല സംഘങ്ങൾക്ക് പ്രവർത്തനമൂലധനം, മാനേജീരിയൽ ഗ്രാന്റ് എന്നിവ ലഭിക്കുന്നുമില്ല. സ്വകാര്യമേഖലയിൽ കയറുത്പാദനം പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. ആഭ്യന്തര വിപണി ശക്തിപ്പെടുത്താനുള്ള പദ്ധതി, കാര്യക്ഷമമായ വിപണന സംവിധാനം, ഗുണമേന്മയുള്ള ചകിരിയും കയറും ഉത്പാദിപ്പിക്കാനുള്ള യന്ത്രസാമഗ്രികൾ, പ്രവർത്തന മൂലധനം ലഭ്യമാക്കൽ, സംഭരണവില പുനഃസ്ഥാപിക്കൽ എന്നിവ നടപ്പിലാക്കണം. മാർക്കറ്റ് വിലയ്ക്ക് കയർഫെഡ് മുഖേനയോ നേരിട്ടോ ചകിരി വാങ്ങി ഉത്പാദനം നടത്തുന്നതിന് സഹകരണ സംഘങ്ങൾക്ക് പൂർണ്ണമായ സ്വാതന്ത്ര്യം നൽകണം. കെട്ടിക്കിടക്കുന്ന മുഴുവൻ കയറും അടിയന്തരമായി സംഭരിക്കുന്നതിന് കയർഫെഡിന് നിർദ്ദേശം നൽകുന്നതിനും തൊഴിലാളികളെയും ചെറുകിട ഉത്പാദകരെയും സഹകരണ സംഘങ്ങളെയും കയറ്റുമതിക്കാരെയും കോർത്തിണക്കിക്കൊണ്ട് പദ്ധതികളാവിഷ്കരിക്കുന്നതിനും കയർ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തര ഇടപെടലുണ്ടാകണം. കൃഷിവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ടവരുടെയും യോഗം ചേർന്ന് പ്രശ്നം

പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കയർ മേഖലയിലെ പ്രതിസന്ധി ശാസ്ത്രീയമായി പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം 2022-23-ൽ 13,19,82,524 രൂപ കയർഫെഡിനും 11,72,00,000 രൂപ കയർ കോർപ്പറേഷനും ഉൽപ്പന്ന സംഭരണത്തിനായി അനുവദിക്കുകയും 252.07 കോടി രൂപയുടെ കയറുത്പന്നങ്ങൾ കയർ കോർപ്പറേഷൻ ചെറുകിട സംഘങ്ങളിൽനിന്നും സംഭരിക്കുകയും ചെയ്തിട്ടുണ്ട്. യന്ത്രവത്കരണത്തിന്റെ ഭാഗമായി 2021-22 ൽ 14 കോടി രൂപയുടെയും 2022-23 വർഷം ഇതുവരെ 10 കോടി രൂപയുടെയും മെഷീനുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിൽ 2016-17 മുതൽ 2022-23 വരെ 11.98 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നടപ്പുവർഷം 53.59 ലക്ഷം ചതുരശ്ര കിലോമീറ്റർ കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായിട്ടുണ്ട്. മനേജീരിയൽ സബ്സിഡി പുന:സ്ഥാപിക്കണമെന്ന നിർദ്ദേശം ആസൂത്രണ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. കയർഫെഡിന്റെ തുമ്പൂർ, വടവന്നൂർ ഡീഫൈബറിംഗ് യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കാലപ്പഴക്കം കാരണം പ്രവർത്തനരഹിതമായ

രണ്ട് ഡീഫൈബറിംഗ് യൂണിറ്റുകൾ മാനുഫാക്ചറിംഗ് കമ്പനിയുടെ സഹായത്തോടെ നവീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പ്രൊഡക്ഷൻ മാർക്കറ്റിംഗ് ഇൻസെന്റീവായി 7 കോടി രൂപയും മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസായി 8.33 കോടി രൂപയും കയർ മേഖലയ്ക്ക് അനുവദിച്ചിട്ടുണ്ട്. വിപണനത്തിനായി ഇ-കൊമേഴ്സ് സംവിധാനം പ്രയോജനപ്പെടുത്തിവരുന്നു. ഈ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കാവുന്നതാണ്.

## III. സബ്മിഷൻ

1) <u>സിവിൽ പോലീസ് ഓഫീസർമാരുടെ അപര്യാപ്തത</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ജീവന് ഭീഷണിയില്ലാത്ത പൊതുപ്രവർത്തകർ ഗൺമാനെ ആവശ്യപ്പെടുന്ന രീതി നിരുത്സാഹപ്പെടുത്താനും ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ കീഴിലുള്ള സിവിൽ പോലീസ് ഓഫീസർമാരെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഒഴിവാക്കി ഇവരെ മാതൃവകുപ്പിലേയ്ക്ക് നിയോഗിച്ചുകൊണ്ട് സിവിൽ പോലീസ് ഓഫീസർമാരുടെ അപര്യാപ്തത പരിഹരിക്കാനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥരെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന രീതിയിൽ മാറ്റമുണ്ടായിട്ടുണ്ട്. ഇത്തരം ചെയ്തികൾ തുടരുന്ന സാഹചര്യം പൂർണ്ണമായും ഒഴിവാക്കപ്പെടേണ്ടതാണ്. സുരക്ഷാ ഭീഷണിയുള്ളവർക്കും അപൂർവ്വം ചില വ്യക്തികൾക്കുമാണ് ഗൺമാനെ അനുവദിക്കുന്നത്. സമൂഹത്തിൽ സിവിൽ പോലീസ് ഓഫീസർമാരുടെ 187 ഒഴിവുകൾ നികത്താനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

2) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന് ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. എം. സച്ചിൻദേവ്: ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 34.5 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിന് റവന്യൂ പുറമ്പോക്കിനുപുറമെ ആവശ്യമുള്ള 13.96 ആർ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്

സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ച് സ്ഥലം അർത്ഥനാധികാരിക്ക് എത്രയുംവേഗം കൈമാറുന്നതാണ്.

3) കോതക്കുറിശ്ശി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

ശ്രീ. പി. മമ്മിക്കുട്ടി: ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ കോതക്കുറിശ്ശി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ ജലവിഭവ വകുപ്പിന് കീഴിലുള്ള 32 സെന്റ് സ്ഥലം റവന്യൂ വകുപ്പിന് കൈമാറാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നിർമ്മിക്കുന്ന 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ 32 സെന്റ് സ്ഥലം കൈമാറാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവ് റവന്യൂ വകുപ്പുമായി ആലോചിച്ച് എത്രയും പെട്ടെന്ന് നൽകുന്നതാണ്.

4) അഴീക്കൽ തുറമുഖ നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: അഴീക്കൽ ഗ്രീൻ ഫീൽഡ് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായുള്ള ചെന്നൈ ഐ.ഐ.ടി.-യുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്നും തുറമുഖത്തിന്റെ പണി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും

വ്യക്തമാക്കണം.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): അഴീക്കൽ തുറമുഖ നിർമ്മാണത്തിനുവേണ്ടി തയ്യാറാക്കിയ ഡി.പി.ആർ.-മേൽ അന്തിമ ഡിസൈൻ അടക്കം തയ്യാറാക്കി ചെന്നൈ ഐ.ഐ.ടി. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളായി നടപ്പാക്കാനുദ്ദേശിക്കുന്ന 5057 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ടിനായി ടെക്നിക്കൽ കൺസൾട്ടന്റ് സമർപ്പിച്ച ഡി.പി.ആർ.-ന്റെ സാങ്കേതിക ധനകാര്യ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കയറ്റിറക്കുമതി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും തുറമുഖത്തെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക വികസനത്തിനുമായി ടാറ്റ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് തയ്യാറാക്കിയ ടെക്നോ ഇക്കണോമിക്ക് ഫീസിബിലിറ്റി റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട 146.61 ഏക്കർ കടൽ പുറമ്പോക്ക് നിർമ്മാണ കമ്പനിയുടെ പേരിൽ പതിച്ചുകിട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

5) ഉച്ചഭക്ഷണ വിതരണം

ശ്രീ. മോൻസ് ജോസഫ്: ഉച്ചഭക്ഷണത്തിനായി പൊതുവിദ്യാലയങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കാനും ഇക്കാര്യത്തിൽ പ്രധാനാദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കുള്ള ചെലവിനത്തിനായി കണ്ടിജൻസി ഫണ്ടാണ് ഉപയോഗിക്കുന്നത്. 2016 സെപ്റ്റംബർ 5-ന് സംസ്ഥാന സർക്കാർ പാചകച്ചെലവ് തുക പരിഷ്കരിച്ചിട്ടുണ്ട്. പാചകവാതക-ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വർദ്ധനവ് വന്നിട്ടുള്ളതിനാൽ ഈയിനത്തിൽ അനുവദിക്കുന്ന തുക അപര്യാപ്തമാണ്. പാചകച്ചെലവിനത്തിൽ 9.6 ശതമാനം വർദ്ധനവ് വരുത്തിയതായി കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ വിതരണത്തിൽ പ്രധാനാദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

6) അഴീക്കോട്-മുനമ്പം പാലം നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: അഴീക്കോട്-മുനമ്പം പാലം നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിനുള്ള ക്വട്ടേഷനിൽ ലഭിച്ച തുക എസ്റ്റിമേറ്റ് പി.എ.സി.(Probable amount of contract)-യേക്കാൾ 24 ശതമാനത്തിലധികമായതിനാൽ റീ-ടെണ്ടർ ചെയ്യുകയും ക്വാട്ട് ചെയ്ത തുക പത്ത് ശതമാനത്തിലധികമായതിനാൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കയച്ചിരിക്കുകയുമാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

7) കരമന-കളിയിക്കാവിള റോഡ്

ശ്രീ. എം. വിൻസെന്റ്: കരമന-കളിയിക്കാവിള ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട മൂന്നാംഘട്ട പ്രവർത്തനത്തിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കരമന-കളിയിക്കാവിള ദേശീയപാതയുടെ കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഒന്നര കിലോമീറ്റർ റോഡ് വികസിപ്പിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുകയാണ്.

ബാലരാമപുരം ജംഗ്ഷനിൽ അണ്ടർ പാസ് ഉൾപ്പെടെയുള്ള പ്രവൃത്തിക്കുള്ള ഡി.പി.ആർ. പൂർത്തിയാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് സമയബന്ധിതമായി സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള 17 കിലോമീറ്റർ ദൂരം സർവ്വേ നടത്തി, ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരികയാണ്. കരമന-കളിയിക്കാവിള റോഡ് വികസനം സർക്കാരിന്റെ മുൻഗണനാപദ്ധതികളിൽ ഉൾപ്പെടുന്നതായതിനാൽ പ്രവൃത്തികൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

8) കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. ടി. സിദ്ദിഖ്: വയനാട് ജില്ലയിലുൾപ്പെടെ വിവിധ ജില്ലകളിൽ പടരുന്ന ആഫ്രിക്കൻ പന്നിപ്പനി നിയന്ത്രിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധസംഘത്തെ നിയോഗിക്കാനും കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ആഫ്രിക്കൻ പന്നിപ്പനി നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാർ

പുറപ്പെടുവിച്ച നാഷണൽ ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കും പന്നികളുടെയും പന്നിമാംസ ഉല്പന്നങ്ങളുടെയും നീക്കം നിരോധിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും പന്നിപ്പനി സ്ഥിരീകരിച്ച പ്രദേശങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പന്നിഫാമുകളിലെ പന്നികളെ നശിപ്പിക്കുകയും പത്ത് കിലോമീറ്റർ ചുറ്റളവിൽ രോഗനിരീക്ഷണം നടത്തുകയും ചെയ്യുന്നുണ്ട്. മറ്റ് വകുപ്പുകളുമായി ചേർന്ന് മാതൃകാപരമായ രീതിയിൽ പ്രതിരോധ പ്രവർത്തനം നടത്തുകയും എല്ലാ ജില്ലകളിലും ദ്രുതകർമ്മസേന രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. രോഗ സ്ഥിരീകരണ കാലയളവിൽ മരണപ്പെട്ട പന്നികൾക്ക് പദ്ധതി വിഹിതത്തിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും പുതുക്കിയ മാർഗ്ഗനിർദ്ദേശം ലഭിക്കേണ്ടതുണ്ട്.

## 9) ടാറ്റാ ഗവൺമെന്റ് ആശുപത്രി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ ടാറ്റാ ഗവൺമെന്റ് ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കോവിഡ് ആശുപത്രിയായി ആരംഭിച്ച കാസർഗോഡ് ടാറ്റാ ഗവൺമെന്റ് ആശുപത്രിക്കായി ജില്ലാ ഭരണകൂടം 12 കോടി രൂപ ചെലവഴിച്ച് ദേശീയപാതയിൽ നിന്ന് അപ്രോച്ച് റോഡ് നിർമ്മിച്ചിട്ടുണ്ട്. ആശുപത്രി സ്ഥിതി ചെയ്യുന്ന ഭൂമി വകുപ്പിന് കൈമാറുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ മാനസിക വൈകല്യമുള്ള ആളുകളുടെ ദിനപരിചരണത്തിനായുള്ള ഡേ കെയർ പ്രവർത്തിക്കുന്നതുകൂടാതെ രോഗികൾക്കായി ജനറൽ ഒ.പി. സേവനവും ടി ആശുപത്രിയിൽ ലഭ്യമാക്കുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്കും ദുർബല വിഭാഗങ്ങൾക്കുമായി സ്പെഷ്യാലിറ്റി ആശുപത്രിയായി ഇതിനെ ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നുണ്ട്.

10) മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. യു. എ. ലത്തീഫ്: മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മഞ്ചേരി ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജാക്കി മാറ്റിയശേഷം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമുഖേന പ്ലാൻ

ഫണ്ടുപയോഗിച്ച് കോടിക്കണക്കിന് രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയും ജനറൽ ആശുപത്രിയുടെ ഭാഗമായുള്ള ഡോക്ടർമാരെ കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായുള്ള ഡോക്ടർമാരുടെയും ഹൗസ് സർജന്മാരുടെയും സേവനം ഉപയോഗപ്പെടുത്തിയും പരിശോധനാ സംവിധാനങ്ങൾ വർദ്ധിപ്പിച്ചും സാധാരണ ജനങ്ങൾക്ക് പ്രയോജനകരമാകുംവിധം സൗകര്യങ്ങളൊരുക്കിയാണ് പ്രസ്തുത മെഡിക്കൽ കോളേജ് പ്രവർത്തിച്ചുവരുന്നത്. ഒഫ്താൽമോളജി, ഇ.എൻ.ടി., ഡെർമറ്റോളജി എന്നീ മൂന്ന് വിഭാഗങ്ങളിൽ രണ്ടുവീതം പി.ജി. സീറ്റുകൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും അനുമതി ലഭ്യമാക്കി ആദ്യ പി.ജി. ബാച്ചും ഇവിടെ ആരംഭിച്ചിട്ടുണ്ട്. വികസനത്തിന്റെ പാതയിൽ മുന്നേറുന്ന ഈ മെഡിക്കൽ കോളേജിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് കൂടുതൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയും കൂടുതൽ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കിയും മികവിന്റെ കേന്ദ്രമാക്കുന്നതിന് ശ്രമിച്ചുവരികയാണ്.

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ലിസ്റ്റ് 2 [ചട്ടം 47 (2)], ലിസ്റ്റ് 3 [ചട്ടം 236 (5)], ലിസ്റ്റ് 4 [ചട്ടം 236 (6)] പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ടും 2022-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലും 2022-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബില്ലും 2022-ലെ കേരള ഖാദി-ഗ്രാമവ്യവസായ ബോർഡ് (ഭേദഗതി) ബില്ലും 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബില്ലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിനാല് മുതൽ മുപ്പത് വരെയുള്ള റിപ്പോർട്ടുകളും സമർപ്പിച്ചു.

## VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലും വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി, 2004-ലെ കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികളുടെ ക്ഷേമനിധി എന്നീ പദ്ധതികളിൽ അംഗങ്ങളായവരെ 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും അവരുടെ ചികിത്സാ ധനസഹായവും മരണാനന്തര സഹായവും പരമാവധി ഒരു ലക്ഷം രൂപ വരെ വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചാണ് 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിച്ചിരിക്കുന്നത്. 1989-ലെ അബ്കാരി തൊഴിലാളിക്ഷേമനിധി ആക്ടിലെ അബ്കാരി തൊഴിലാളി എന്ന നിർവ്വചനത്തിൽ ലേബൽ ഒട്ടിക്കുന്നവർ, വെയർഹൗസുകളിലെയും മൊത്തവിൽപ്പന ശാലകളിലെയും ബാറുകളിലെയും ക്ലബ്ബുകളിലെയും തൊഴിലാളികൾ എന്നീ വിഭാഗങ്ങളെക്കൂടി കൂട്ടിച്ചേർക്കുന്നതിലൂടെ കൂടുതൽ തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും ബോർഡിൽ നിന്നും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾ ഈ വിഭാഗം തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനും കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയവരുടെയും അംഗത്വം നീക്കം ചെയ്യുന്നവരുടെയും ലിസ്റ്റ് ഓരോ

വർഷവും പ്രസിദ്ധീകരിക്കുന്നതിനും ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31/12/2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 4-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം തൊഴിലാളികളുടെ അംശദായം തൊഴിലുടമയ്ക്ക് 10 ശതമാനവും തൊഴിലാളികൾക്ക് 11.5 ശതമാനവുമാക്കി വർദ്ധിപ്പിച്ച നടപടി അപലപനീയമാണ്. 2(ii)-ാം ഉപഖണ്ഡത്തിലെ "ഓവർടൈം അലവൻസും" എന്ന വാക്കുകൾ ഒഴിവാക്കണമെന്നു പറയുമ്പോൾ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം രണ്ട് ദിവസത്തെ വേതനം ലഭിക്കുന്നതിനുള്ള ആനുകൂല്യമാണ് എടുത്തുമാറ്റുന്നത്. ക്ഷേമനിധി ബോർഡുകൾ വലിയ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വിദേശമദ്യം ഉത്പാദിപ്പിക്കുന്നതിന് കമ്പനികളുടെ വിറ്റുവരവ് നികുതി ഒഴിവാക്കുകയും വില്പന നികുതി നാല് ശതമാനമായി വർദ്ധിപ്പിക്കുകയും ചെയ്തത് മദ്യ മുതലാളിമാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനാണ് ഉതകുന്നത്. തൊഴിലാളി മേഖലകളെല്ലാം ഇന്ന് പ്രതിസന്ധിയിലാണ്. തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. പല മേഖലയിലും തൊഴിലാളികൾക്ക്

ക്ഷേമനിധി സമയബന്ധിതമായി അടയ്ക്കാൻ കഴിയുന്നില്ല. ചെത്ത് തൊഴിലാളികൾക്ക് പ്രോത്സാഹനം കൊടുക്കാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മായം ചേർത്ത കള്ള് കൊണ്ടുവരികയാണ് ചെയ്യുന്നത്. ഇത് പരിശോധിക്കുന്നതിനുള്ള ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശവും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്ഷേമനിധി ബോർഡുകളിലെല്ലാം കാതലായ മാറ്റങ്ങൾ വരുത്തി തൊഴിലാളികൾക്ക് മുൻഗണന കൊടുക്കുന്ന ബില്ലായി മാറ്റണം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. പി. ചിത്തരഞ്ജൻ: 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. അബ്കാരി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും അവരുടെ അവധിവേതനവും ഉറപ്പുവരുത്തുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നിരവധി നടപടികളാണ് സ്വീകരിക്കുന്നത്. നിലവിലുള്ള അവധിവേതനം ഓവർടൈം അലവൻസ് എന്ന് തെറ്റായി വ്യാഖ്യാനിക്കാൻ സാധ്യതയുള്ളതുകൊണ്ടാണ് 1989-ലെ കേരള അബ്കാരി തൊഴിലാളി

ക്ഷേമനിധി ആക്ടിന്റെ രണ്ടാം വകുപ്പിലെ (എം) ഖണ്ഡത്തിന്റെ (ii)-ാം ഉപഖണ്ഡം മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യണമെന്ന് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ഗവൺമെന്റിനോട് അഭ്യർത്ഥിച്ചത്. പ്രസ്തുത ഭേദഗതി നിർദ്ദേശം നടപ്പാക്കിയാൽ 1990 മുതലുള്ള അംശദായ തുക, തൊഴിലാളികൾക്ക് നൽകിയിട്ടുള്ള വേതനവും അധികവേതനവും കൂട്ടിച്ചേർത്ത തുകയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കേണ്ട ആവശ്യം ഉണ്ടാവുകയില്ല. ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ആനുകൂല്യങ്ങൾ താമസംകൂടാതെ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനങ്ങൾക്കിടയിൽ ലഹരി ഉപയോഗം കുറയ്ക്കുന്നതിനായി ഗവൺമെന്റ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (നെന്മാറ): 2022– ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധിയും 2004-ലെ കേരള ആട്ടോമാബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധിയും കേരള

മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധിയിൽ ലയിപ്പിക്കുന്നതിനാണ് 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നത്. ഇതിലൂടെ മൂന്ന് പദ്ധതിയിലെയും തൊഴിലാളികൾക്ക് ഒരേ ആനുകൂല്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ക്ഷേമനിധിയിൽ ഉടമസ്ഥ വിഹിതമടച്ച് റസീപ്റ്റ് കൈപ്പറ്റിയാൽ മാത്രമേ നിലവിലുള്ള മോട്ടോർ വാഹന നികുതി ഭേദഗതിയിലൂടെ ഉടമസ്ഥർക്ക് വാഹനത്തിന്റെ ടാക്സടയ്ക്കാൻ കഴിയൂ എന്നതുകൊണ്ട് ക്ഷേമനിധിയിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തില്ല. തൊഴിലാളി അടയ്ക്കുന്ന ക്ഷേമനിധി വിഹിതം സർക്കാർ നിശ്ചയിക്കുന്ന പലിശ സഹിതം കാലാവധി കഴിയുമ്പോൾ തിരിച്ച് നൽകുമെന്നത് ശ്രദ്ധേയമാണ്. പെൻഷൻ നൽകുന്നത് കൂടാതെ പ്രതിവർഷം 75 കോടിയോളം രൂപയുടെ ക്ഷേമപ്രവർത്തനങ്ങളും ക്ഷേമനിധി ബോർഡ് മുഖേന നടത്തുന്നുണ്ട്. കോവിഡ് കാലത്ത് പുതിയതായി രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കുൾപ്പെടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തതും മോട്ടോർ വാഹന ഉടമസ്ഥരെയും തൊഴിലാളികളെയും 21 മാസത്തെ വിഹിതം അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കിയതും എടുത്തുപറയത്തക്കതാണ്. ക്ഷേമനിധി ബോർഡിന്റെ ഹെഡ് ഓഫീസിനും ജില്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും സ്റ്റാഫ്

പാറ്റേൺ പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1991-ലെ കേരള ആട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതിയും 2004-ലെ കേരള ആട്ടോമൊബൈൽസ് വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയും 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതോടെ ഇതിൽ അംഗങ്ങളായവർക്ക് തുല്യമായ ആനുകൂല്യം ലഭിക്കും. കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിക്ഷേപം തൊഴിലാളികൾക്ക് പ്രയോജനകരമാകുന്ന വിധത്തിൽ ചെലവഴിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയുള്ള ഭേദഗതികളാണ് ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. അബ്കാരി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ പ്രതിമാസ വിഹിതം 11.5 ശതമാനമായും തൊഴിലാളികൾക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി 7 ശതമാനമായും തൊഴിലാളികളുടെ അംശദായം 28.5 ശതമാനമായും ഉയരുന്നത്

തൊഴിലാളികൾക്ക് ഗുണകരമാകും. ക്ഷേമനിധി ഓഫീസ് നഗരകേന്ദ്രത്തിൽ വേണമെന്ന ആവശ്യം ബോർഡുമായി ആലോചിക്കുന്നതാണ്. ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിന് നേരിട്ട് അപേക്ഷ നൽകുന്നതിലുള്ള അസൗകര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതും ഓൺലൈൻ സംവിധാനത്തിലുണ്ടായിട്ടുള്ള തടസ്സം പരിശോധിക്കുന്നതുമാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

(iii) <u>2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ</u>

(iv) <u>2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): 2022-ലെ

കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലും 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു.

## VIII. ക്രമപ്രശ്നം

ബില്ലിലെ അപാകത

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിലെ 20-ാം വകുപ്പുപ്രകാരം ആക്ടിലെ ഏതെങ്കിലും വ്യവസ്ഥകളോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും കുറ്റസ്ഥാപനത്തിന്മേൽ രണ്ടുവർഷംവരെയാകാവുന്ന തടവുശിക്ഷയോ 25,000 രൂപ വരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയുള്ള ശിക്ഷയോ നൽകേണ്ടതാണെന്ന വ്യവസ്ഥയിൽ പിഴത്തുക 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും ശിക്ഷാ കാലാവധിയിൽ മാറ്റം വരുത്തിയിട്ടില്ല. ശിക്ഷാ കാലാവധി ആനുപാതികമായി ഉയർത്തുന്നതിനുള്ള നടപടിയുണ്ടാകണം. കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നത് അപ്രായോഗികമാണ്. ആയതിനാൽ ബിൽ പിൻവലിച്ച് സമഗ്രമായ പുതിയ ബിൽ കൊണ്ടുവരണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഭേദഗതി ബില്ലിലെ വ്യവസ്ഥപ്രകാരം നിലവിലുള്ള ശിക്ഷാ കാലയളവ് കുറയ്ക്കുന്നില്ല. 20-ാം വകുപ്പുപ്രകാരം പിഴത്തുകയായ 25,000 രൂപ 5 ലക്ഷം രൂപയായും ലംഘനം തുടരുന്ന ഓരോ തവണയും 1000 രൂപവരെയാകാവുന്ന അധിക പിഴ 50,000 രൂപയായും വർദ്ധിപ്പിക്കുന്നതിലൂടെ കഠിനമായ ശിക്ഷ നൽകിക്കൊണ്ട് അനധികൃത മണൽവാരൽ തടയാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മണൽ ലേലം ചെയ്യുന്നത് സംബന്ധിച്ച വ്യവസ്ഥകളിന്മേൽ മാറ്റം വരുത്താനുദ്ദേശിക്കുന്നില്ല. 23(എ) വകുപ്പിൽ 6 ഉപവകുപ്പുപ്രകാരം കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. കടവിലെ മണലിന്റെ ലേലം നടത്തുന്നത് കടവ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽത്തന്നെയായിരിക്കും. 23 (എ)- വകുപ്പിലെ 1 മുതൽ 7 വരെയുള്ള ഉപവകുപ്പുകളനുസരിച്ച് അനധികൃതമായി മണൽ കടത്തുന്നവർക്ക് രണ്ട് വർഷം തടവും അഞ്ച് ലക്ഷം രൂപ പിഴയുമാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u> : 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിന്റെ അവതരണവേളയിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച തടസ്സവാദത്തിന്മേൽ സർക്കാരിന്റെ നിലപാട് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മൂലനിയമത്തിലെ ചില ഭേദഗതികൾ നിർദ്ദേശിക്കുന്ന പ്രസ്തുത ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനോ അതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനോ ഭരണഘടന പ്രകാരമോ സഭയുടെ നടപടി ചട്ടപ്രകാരമോ യാതൊരു തടസ്സവുമില്ലെന്ന് കാണുന്നതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി(<u>ശ്രീ. കെ. രാജൻ</u>): 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലും 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി(ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലിലെ 7(ഇ) വകുപ്പുപ്രകാരം ടൈറ്റിൽ സർട്ടിഫിക്കറ്റിന് കുടിയാനായി അപേക്ഷ സമർപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് ലാൻഡ് ട്രൈബ്യൂണലിലുണ്ടാകുന്ന വിധിക്ക് അപ്പീൽ കൊടുക്കാൻ പ്രൊവിഷനില്ലാത്ത സാഹചര്യത്തിൽ 106(ബി) അനുസരിച്ച് ക്രയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള അപ്പീൽ പ്രൊവിഷൻകൂടി ഉൾപ്പെടുത്തണമെന്ന ഭേദഗതിയാണ് മുന്നോട്ടുവയ്ക്കുന്നത്.

ശ്രീ. യു. എ. ലത്തീഫ് : 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28.03.2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അനധികൃതമായി മണൽ കടത്തുന്നവർക്കെതിരെ കുറ്റത്തിനാനുപാതികമായ പിഴയും ശിക്ഷയും നിർണ്ണയിക്കണം. കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില നിശ്ചയിക്കുന്നതിനും വിൽപ്പന നടത്താനുമുള്ള അധികാരം ജില്ലാ കളക്ടർക്കുപകരം ആതറൈസ്ഡ് ഓഫീസർക്ക് നൽകണം. പുഴകളിൽ മുങ്ങി മണലെടുക്കുന്ന തൊഴിലാളികൾക്ക് കടവ് കമ്മിറ്റി നേരിട്ട് പാസ് നൽകാനുള്ള നടപടി

സ്വീകരിക്കണം.

(തുടരും)

## IX. അടിയന്തരപ്രമേയ ചർച്ച

വിഴിഞ്ഞം തുറമുഖനിർമ്മാണത്തിനെതിരെയുള്ള സമരം

ശ്രീ. എം. വിൻസന്റ് : അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വിൻസെന്റ്: വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട സമരംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം ചർച്ച ചെയ്യാനെടുത്ത തീരുമാനം സ്വാഗതാർഹമാണ്. തുറമുഖ നിർമ്മാണത്തിനെതിരെ ജൂലൈ 20-ന് സെക്രട്ടേറിയറ്റിന് മുന്നിൽ ആരംഭിച്ച സമരം സമവായത്തിലൂടെ പരിഹരിക്കാൻ സർക്കാർ തയ്യാറായിരുന്നെങ്കിൽ നിർമ്മാണം തടസ്സപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രത്യക്ഷ സമരത്തിലേയ്ക്ക് പ്രദേശവാസികൾ വരില്ലായിരുന്നു. സമരം ആരംഭിച്ച് നാല് മാസമായിട്ടും പ്രശ്നത്തിന് പരിഹാരം കാണാനാകാത്തത് സർക്കാരിന്റെ പരാജയമാണ്. ഉപരോധ സമരം ആരംഭിച്ച ശേഷമാണ് ചർച്ചയ്ക്ക് ഉപസമിതിയെ നിയോഗിക്കാൻ സർക്കാർ തയ്യാറായത്.

അടിസ്ഥാനരഹിതവും സമരക്കാരെ അടച്ചാക്ഷേപിക്കുന്ന തരത്തിലുമുള്ള പ്രതികരണങ്ങളാണ് മന്ത്രിമാരുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കുടിയിറക്കപ്പെട്ട മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പലതവണ സഭയിൽ ഉന്നയിച്ചിരുന്നെങ്കിലും പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല. നവംബർ 26, 27 തീയതികളിലുണ്ടായ അക്രമങ്ങൾ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താനും തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്കുള്ള ആശങ്ക ചർച്ചയിലൂടെ പരിഹരിക്കാനും മുഖ്യമന്ത്രി മുൻകയ്യെടുക്കണം.

<u>ശ്രീ. സജി ചെറിയാൻ</u>: വിഴിഞ്ഞം തുറമുഖ നിർമ്മാണ വിഷയത്തിൽ യു.ഡി.എഫ്.-ന്റെ തീരുമാനം വ്യക്തമാക്കണം. തുറമുഖ നിർമ്മാണം സമീപതീരങ്ങളുടെ ശോഷണത്തിന് കാരണമാകില്ലെന്ന പഠന റിപ്പോർട്ട് പരിഗണിച്ചും വിവിധ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുമാണ് യു.ഡി.എഫ്. ഗവൺമെന്റ് വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ ഒപ്പിട്ടതെന്നാണ് അവകാശപ്പെടുന്നത്. വികസനവിരുദ്ധ നിലപാടാണ് എല്ലാ കാര്യത്തിലും പ്രതിപക്ഷം സ്വീകരിക്കുന്നത്. അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിൽ അഴിമതിയുണ്ടോയെന്ന് പരിശോധിക്കണമെന്നും മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സംബന്ധിച്ച് ചർച്ച നടത്തണമെന്നും

ഇതിന്റെ നിർമ്മാണം സർക്കാർ നേരിട്ട് നടത്തണമെന്നുമുള്ള ഇടതുമുന്നണിയുടെ നിലപാട് അന്നത്തെ യു.ഡി.എഫ് സർക്കാർ സ്വീകരിച്ചില്ല. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ തുറമുഖം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ 450 കോടി രൂപ മാറ്റി വയ്ക്കുകയും പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് 2500 കോടി രൂപ സമാഹരിക്കുകയും വിഴിഞ്ഞം പദ്ധതിക്ക് ജനകീയമുഖം സൃഷ്ടിക്കുകയും ചെയ്തത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. മത്സ്യത്തൊഴിലാളികൾ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് നല്ല രീതിയിലുള്ള ഇടപെടൽ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. വിഴിഞ്ഞം സമര സമിതിയുമായി നിരവധി തവണ ചർച്ചകൾ നടത്തിയതിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന കാര്യത്തിൽ മാത്രമാണ് തർക്കമുള്ളത്. കേരളത്തിന്റെ സാമ്പത്തികരംഗത്ത് വൻ കുതിച്ചുചാട്ടമുണ്ടാക്കാനും അന്താരാഷ്ട്രതലത്തിൽ വലിയതോതിൽ ഗുണം ചെയ്യാനും ഉതകുന്ന പദ്ധതിയാണിത്. തുറമുഖ നിർമ്മാണം നിർത്തിവയ്ക്കാതെ മത്സ്യത്തൊഴിലാളികളുന്നയിക്കുന്ന ന്യായമായ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം മണ്ണെണ്ണ വിലയിൽ അടിക്കടി

വർദ്ധനവുണ്ടാകുന്നതിനാൽ യാനങ്ങൾ പുതിയ രീതിയിലുള്ള എഞ്ചിനുകളിലേയ്ക്ക് മാറുന്നതിനുള്ള സാമ്പത്തികസഹായം നൽകുമെന്നും ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. സമരക്കാരുടെ ഏഴ് ആവശ്യങ്ങളിൽ ആറെണ്ണവും സമയബന്ധിതമായി നടപ്പാക്കുന്നതാണ്. സമരം ഒത്തുതീർപ്പാക്കാൻ സമര സമിതി മുന്നോട്ടുവരുമെന്ന പ്രതീക്ഷയാണുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: 2019-ൽ പൂർത്തിയാക്കേണ്ട വിഴിഞ്ഞം പദ്ധതി 2023 ആയിട്ടും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഒന്നാം പിണറായി സർക്കാർ വിഴിഞ്ഞം പദ്ധതിയെ കൃത്യമായി മോണിട്ടർ ചെയ്യുന്നതിൽ പരാജയപ്പെട്ടു. മത്സ്യത്തൊഴിലാളികൾക്ക് പ്രഖ്യാപിച്ച 475 കോടി രൂപയുടെ പാക്കേജ് നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

ശ്രീ. മുഹമ്മദ് മുഹസിൻ: സമരസമിതിയുടെ ഏഴ് ആവശ്യങ്ങളിൽ ആറെണ്ണത്തിലും അനുഭാവപൂർവ്വമായി ഉത്തരവിറക്കിയിട്ടും സമരം അവസാനിപ്പിക്കാൻ തയ്യാറാകാതെ അക്രമസ്വഭാവത്തിലേയ്ക്ക് തിരിഞ്ഞ രീതി പ്രതിഷേധാർഹമാണ്. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നിരവധി പദ്ധതികളാണ് ഈ സർക്കാർ

നടപ്പാക്കിയത്. മത്സ്യബന്ധനത്തിന് പോകുന്നവർക്ക് 40000-ത്തിലധികം ലൈഫ് ജാക്കറ്റുകളും തൊഴിൽ നഷ്ടപ്പെട്ട 2 ലക്ഷത്തിലധികം വരുന്ന ആളുകൾക്ക് 36 കോടിയിലധികം രൂപയും മണ്ണെണ്ണയ്ക്ക് ലിറ്ററിന് 25 രൂപ സബ്സിഡിയും അനുവദിച്ചുനൽകിയത് സ്വാഗതാർഹമാണ്. തീരശോഷണവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിന് പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സർക്കാർ പരിഗണിച്ചിട്ടും സമരം തുടരുന്നതും പദ്ധതി നിർത്തിവയ്ക്കണമെന്നാവശ്യപ്പെടുന്നതും അംഗീകരിക്കാനാവില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളിൽ സജീവമായ ഇടപെടൽ നടത്തി വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകാനോ പുനരധിവസിപ്പിക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് സർക്കാരിന് കഴിയില്ലെങ്കിൽ കേന്ദ്ര സർക്കാരിൽനിന്നും സാമ്പത്തിക സഹായം ആവശ്യപ്പെടണം. കുടിയൊഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: വിഴിഞ്ഞം സമരത്തിന്റെ പേരിൽ രാഷ്ട്രീയമുതലെടുപ്പിന് പ്രതിപക്ഷം ശ്രമിക്കുന്നത് തെറ്റായ പ്രവണതയാണ്. കടലാക്രമണംമൂലം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകിയത് അഭിനന്ദനാർഹമാണ്.

ശ്രീ. അനൂപ് ജേക്കബ്: വിഴിഞ്ഞം തുറമുഖം സമയബന്ധിതമായി പൂർത്തിയാക്കണം. മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളിൽ ഗൗരവമായി ഇടപെടാൻ സർക്കാരിന് സാധിക്കാത്തതാണ് സമരം രൂക്ഷമാകാൻ കാരണമായത്. മത്സ്യത്തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയത്തിൽ മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്താൻ തയ്യാറാകണം. ബിഷപ്പിനെതിരെ കേസ്സെടുത്തത് ശരിയായ നടപടിയല്ല. ക്രമസമാധാനനില പുനഃസ്ഥാപിക്കുന്നതിന് കേന്ദ്ര സേനയെ കൊണ്ടുവരാനുള്ള നടപടി അപലപനീയമാണ്. ഈ വിഷയം പരിഹരിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് കെ. തോമസ്: വിഴിഞ്ഞം തുറമുഖ നിർമ്മാണം യാഥാർത്ഥ്യമാകുന്നതോടുകൂടി പ്രദേശവാസികൾക്ക് ജോലി ലഭിക്കുമെന്ന് മാത്രമല്ല അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും സാധിക്കും. വിഴിഞ്ഞം തുറമുഖ പൂർത്തീകരണത്തിനായി പ്രതിപക്ഷ സഹകരണം ആവശ്യമാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: അടിയന്തരപ്രമേയം ചർച്ചയ്ക്കെടുത്ത സർക്കാർ നിലപാട് സ്വാഗതാർഹമാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് കടലോര മേഖലയിലുണ്ടായ പ്രശ്നങ്ങൾ പഠിക്കാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സമര സമിതി നേതാക്കളുമായി ചർച്ച നടത്താനും തയ്യാറാകണം. തീരദേശത്ത് സഭാവിശ്വാസികൾ സമരം ചെയ്തതിന്റെ പേരിൽ ബിഷപ്പിനെതിരെ കേസ്സെടുത്ത നടപടി അപലപനീയമാണ്. വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാകണം.

<u>ശ്രീ. വി. ജോയി</u>: വിഴിഞ്ഞം തുറമുഖം സർക്കാരിന്റെ ഉടമസ്ഥതയിൽ വേണമെന്നുള്ള ഇടതുപക്ഷ സർക്കാരിന്റെ നയം യു.ഡി.എഫ്. സർക്കാർ ബോധപൂർവ്വം അട്ടിമറിച്ചതാണ്. തുറമുഖത്തിന്റെ പ്രവർത്തനം തൊണ്ണൂറ് ശതമാനം പൂർത്തിയാകുകയും അടുത്ത വർഷത്തോടെ കപ്പലടുപ്പിക്കാൻ കഴിയുമെന്ന സ്ഥിതിവരികയും ചെയ്തപ്പോഴാണ് ഇത്തരമൊരു പ്രതിഷേധമുണ്ടാകുന്നത്. ഗോഡൗണിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ സർക്കാർ മുൻകയ്യെടുത്തെങ്കിലും രൂപതയ്ക്ക് താൽപ്പര്യമില്ലാത്തതിനാൽ നടപ്പാക്കാൻ സാധിച്ചില്ല. തീരശോഷണവുമായി ബന്ധപ്പെട്ട് പഠനം നടത്തണമെന്ന ആവശ്യത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു വിഭാഗം സമരാനുകൂലികൾ

തീവ്രസ്വഭാവമെടുത്തുകൊണ്ട് തുറമുഖ പ്രശ്നം സർക്കാരിനെതിരാക്കിമാറ്റാനും സാമുദായിക ലഹളയുണ്ടാക്കാനുമാണ് ശ്രമിക്കുന്നത്. തീരശോഷണം കാരണം വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ പുനർഗേഹം പദ്ധതി നടപ്പാക്കി. മത്സ്യത്തൊഴിലാളികളുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് സമരം അവസാനിപ്പിക്കുന്നതിനുവേണ്ട പരിശ്രമങ്ങളാണ് ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്ത് ദുരിതമനുഭവിക്കുന്ന ജനവിഭാഗമായി മത്സ്യത്തൊഴിലാളികൾ മാറിയിരിക്കുകയാണ്. തീരശോഷണം കാരണം വീടും തൊഴിലും നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത്. അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം കാരണം മത്സ്യബന്ധനദിനങ്ങളിൽ കുറവ് വന്നിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ ഉൾക്കൊണ്ടുവേണം ഈ വിഷയത്തെ സർക്കാർ സമീപിക്കേണ്ടത്. തീരപ്രദേശത്തെ ജനങ്ങളിൽ പ്രകോപനമുണ്ടാക്കത്തക്ക രീതിയിലുള്ള ഇടപെടലാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കുടിയൊഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മാന്യമായ വാടക നൽകി പുനരധിവസിപ്പിക്കുന്നതിനും ഫ്ലാറ്റുകളുടെ നിർമ്മാണം ത്വരിതഗതിയിൽ

നടത്തുന്നതിനും മണ്ണെണ്ണ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. സമരസമിതി നിർദ്ദേശിക്കുന്ന രണ്ട് ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി പാരിസ്ഥിതിക പഠനം നടത്തുന്നതിന് സർക്കാർ തയ്യാറാകണം. സമരം അവസാനിപ്പിക്കുന്നതിന് മുഖ്യമന്ത്രി മുൻകയ്യെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആഗസ്റ്റ് 16-നാണ് മത്സ്യത്തൊഴിലാളികളുടെ സമരം ആരംഭിച്ചത്. മന്ത്രിസഭാ ഉപസമിതി ആഗസ്റ്റ് 19, 24, സെപ്റ്റംബർ 5, 23 എന്നീ തീയതികളിൽ അവരുമായി ചർച്ച നടത്തിയിരുന്നു. കേരളത്തിന്റെ സമഗ്ര വികസനത്തിന് അനിവാര്യമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടാകുന്നത് സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾക്ക് വിഘാതം സൃഷ്ടിക്കും. ഉന്നതതല ചർച്ചകളിൽ അന്തിമ തീരുമാനത്തിലെത്താൻ സാധിക്കാതെ വരുന്നതിനുപിന്നിൽ ഏതെങ്കിലും ബാഹ്യശക്തികൾ ഉണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തീരശോഷണം സംബന്ധിച്ച് വിദഗ്ദ്ധ പരിശോധനയ്ക്കുശേഷമാണ് കേന്ദ്ര സർക്കാർ പാരിസ്ഥിതികാനുമതി ലഭ്യമാക്കിയത്. പ്രദേശവാസികളുടെ ആശങ്കകൾ പരിഹരിക്കാനുള്ള ശ്രമം സർക്കാർ നടത്തുന്നുണ്ട്. സമരവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട

ആവശ്യങ്ങളിന്മേൽ സർക്കാർ അനുകൂല നടപടി സ്വീകരിച്ചിട്ടുണ്ട്. കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരെയും വേലിയേറ്റ മേഖലയുടെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയും പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയും അല്ലാതെയും നിരവധി ഭവനസമുച്ചയങ്ങളും വീടുകളും നിർമ്മിച്ചുനൽകുകയും അവശേഷിക്കുന്ന ഭവനരഹിതരായ പ്രദേശവാസികളുടെ ഭവന നിർമ്മാണത്തിന് നടപടി സ്വീകരിച്ചുവരികയുമാണ്. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി തുടർന്നും അനുവദിക്കുന്നതാണ്. കാലാവസ്ഥാ മുന്നറിയിപ്പുകാരണം കടലിൽ പോകാൻ കഴിയാതെ വരുന്ന അവസരത്തിൽ ആവശ്യമായ സഹായം നൽകിവരുന്നുണ്ട്. തീരശോഷണം സംബന്ധിച്ച് പഠനം നടത്തുന്നതിനായി നിയോഗിച്ച വിദഗ്ധസമിതിയുടെ കണ്ടെത്തലുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ക്യാമ്പുകളിലും വാടകവീടുകളിലുമായി കഴിയുന്ന 284 കുടുംബങ്ങൾക്ക് വാടകയിനത്തിൽ തുക വിതരണം ചെയ്യുകയും ശേഷിക്കുന്നവർക്ക് തുക വിതരണം ചെയ്യുമെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിപ്രദേശത്തുള്ളവർക്ക് നൽകിയ ജീവനോപാധി നഷ്ടപരിഹാരത്തിനുപുറമെ നിരവധി ക്ഷേമപ്രവർത്തനങ്ങളും സർക്കാർ

ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. പ്രതിഷേധസമരങ്ങളുമായി ബന്ധപ്പെട്ട അതിക്രമങ്ങളിൽ സംയമനം പാലിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചത്. അക്രമസംഭവങ്ങളുണ്ടായാൽ കേസ് രജിസ്റ്റർ ചെയ്യുന്നതും അന്വേഷണം നടത്തുന്നതും സ്വാഭാവികമാണ്. കരാർപ്രകാരം തുറമുഖ നിർമ്മാണ കമ്പനി ആവശ്യപ്പെടുന്ന മുറയ്ക്ക് സുരക്ഷ ഒരുക്കണമെന്ന് വ്യവസ്ഥയുണ്ട്. സമരത്തെ അടിച്ചമർത്താൻ കേന്ദ്രസേനയെ കൊണ്ടുവരുന്നു എന്ന രീതിയിൽ പ്രചരിപ്പിക്കുന്നത് വസ്തുതാവിരുദ്ധമാണ്. സമരവുമായി ബന്ധപ്പെട്ട് മന്ത്രിസഭാ ഉപസമിതി/ചീഫ് സെക്രട്ടറി തലങ്ങളിൽ ചർച്ച നടത്തി പ്രതിഷേധക്കാരുടെ ആശങ്കൾ ദൂരീകരിക്കാനുള്ള ശ്രമം നടത്തിവരികയാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണപ്രവർത്തനങ്ങൾ 80 ശതമാനത്തോളം പൂർത്തിയായ ഘട്ടത്തിൽ അത് നിർത്തിവയ്ക്കണമെന്ന ആവശ്യത്തോട് സർക്കാരിന് യോജിക്കാൻ കഴിയില്ല. തുറമുഖനിർമ്മാണം തടസ്സപ്പെടുത്തരുതെന്ന ഹൈക്കോടതി ഉത്തരവ് സമരസമിതി ലംഘിച്ചതിനാലാണ് വൈദികരുൾപ്പെടെയുള്ളവർക്കെതിരെ കേസ് എടുക്കേണ്ടിവന്നത്. ക്രമസമാധാനപാലനം പോലീസിന്റെയും സർക്കാരിന്റെയും ഉത്തരവാദിത്വമാണ്. ലത്തീൻസഭ സംസ്ഥാനത്തിന്റെ വികസന വിഷയങ്ങളിലും മറ്റ് സാമൂഹ്യവിഷയങ്ങളിലും അനുഭാവപൂർവ്വമായ

നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളി സമൂഹത്തോടൊപ്പം നിലകൊള്ളുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തീരമേഖലയിലെ പ്രശ്നങ്ങൾക്ക് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. മത്സ്യത്തൊഴിലാളി മേഖലയിൽ സംഘർഷമുണ്ടാകരുതെന്ന് സർക്കാരിന് നിർബന്ധമുണ്ട്; എന്നാൽ സങ്കുചിത ലക്ഷ്യത്തോടെ കോടതിവിധി ധിക്കരിച്ച് വ്യാപാര സ്ഥാപനങ്ങൾ, വീടുകൾ, പോലീസ് സ്റ്റേഷൻ എന്നിവ ആക്രമിച്ച് പൊതുമുതൽ നശിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് അവിടെ അരങ്ങേറിയത്. ക്രമസമാധാനം പാലിക്കാനെത്തിയ പോലീസുദ്യോഗസ്ഥരെ മാരകമായി ആക്രമിക്കുകയും നിരവധി പോലീസ് വാഹനങ്ങൾ തകർക്കുകയും ചെയ്തു. ജനാധിപത്യ സംവിധാനത്തിൽ ഇത്തരം പ്രവർത്തനങ്ങൾ അനുവദിക്കാവുന്നതല്ല. പോലീസ് സംയമനവും ക്ഷമയും പാലിച്ചതുകൊണ്ടാണ് അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരുന്നത്. തുറമുഖ പദ്ധതിക്കെതിരായ സമരത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയും അണിചേർന്നിട്ടില്ലെന്നത് ശ്രദ്ധേയമാണ്. സമ്പദ്ഘടനയിൽ സുദൃഢമായ അടിസ്ഥാനമുണ്ടാക്കുന്നതിനാണ് മൂലധനനിക്ഷേപത്തിലും പശ്ചാത്തല സൗകര്യവികസനത്തിലും സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നത്. ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള വികസന

സമീപനത്തെ എതിർക്കുന്ന നിലപാടാണ് വിഴിഞ്ഞം പദ്ധതിക്കെതിരെയുള്ള സമരം. നാടിന്റെ വികസനകാര്യത്തിൽ ഒന്നിച്ചുനിൽക്കാൻ എല്ലാവരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

**നിയമനിർമ്മാണകാര്യം തുടർച്ച**

ശ്രീ. ഡി. കെ. മുരളി: 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭരണഘടനപ്രകാരം പരിസ്ഥിതി സംരക്ഷണച്ചുമതല സംസ്ഥാന സർക്കാരുകൾക്കാണ്. ജലസമൃദ്ധമായിരുന്ന സംസ്ഥാനം ഇന്ന് നിരവധി കാരണങ്ങൾകൊണ്ട് ജലക്ഷാമം നേരിടുകയാണ്. നദികളും പുഴകളും സംരക്ഷിക്കുന്നതിന് അനിയന്ത്രിത മണൽവാരൽ തടസ്സമാകുന്ന സാഹചര്യത്തിലാണ് സമഗ്രമായ നിയമങ്ങളും നടപടികളും അനിവാര്യമായി വന്നത്. 2001-ൽ ഇതുമായി ബന്ധപ്പെട്ട നിയമം പ്രാബല്യത്തിൽ വന്നെങ്കിലും നദീചൂഷണം തടയുന്നതിന് ജാഗ്രതയോടെ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. 2013-ൽ നദീസംരക്ഷണ സേന രൂപീകരിക്കണമെന്ന ഭേദഗതി കൊണ്ടുവന്നെങ്കിലും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയോ

പ്രായോഗികവൽക്കരിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തില്ല. പിഴ വർദ്ധിപ്പിക്കുന്നതിലൂടെ മണൽ ചൂഷണം തടയാൻ സാധിക്കും. പിടിച്ചെടുക്കുന്ന മണലിന്റെ ഉത്തരവാദിത്വം കളക്ടറെ ഏല്പിച്ചതിലൂടെ ശേഖരിക്കപ്പെടുന്ന മണൽ ആവശ്യക്കാർക്ക് നൽകുന്നതിനും നല്ല വില ലഭിക്കുന്നതിനും കാരണമാകും. ബില്ലിൽ കാലോചിതമായ ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത് സ്വാഗതാർഹമാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 102-ാം വകുപ്പ് അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ളതാണ്. പ്രസ്തുത നിയമത്തിലെ 106 എ വകുപ്പുപ്രകാരം കുടികിടപ്പുകാർ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്ന കെട്ടിടങ്ങളുടെ വാടക കൊടുക്കുന്നിടത്തോളം കാലം ഒഴിപ്പിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. 106 ബി വകുപ്പ് പ്രകാരം ലാൻഡ് ട്രൈബ്യൂണലിന്റെ ഒരു ഉത്തരവിനെതിരെ നിലവിൽ അപ്പീൽ ബോധിപ്പിക്കുന്നതിന് വ്യവസ്ഥയില്ല. ഒരു കുടിയാനായി കരുതപ്പെടേണ്ടതാണെന്ന് അവകാശവാദം ഉന്നയിക്കുന്ന ഒരാൾക്ക്,

ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട ലാൻഡ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ അപ്പീലിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തുന്നത് സ്വാഗതാർഹമാണ്. കേരളത്തിലെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിവരങ്ങളുൾക്കൊള്ളുന്ന ഡാറ്റാ ബാങ്ക് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ സാധിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഭൂമി തരംമാറ്റം ഉൾപ്പെടെയുള്ള വിഷയങ്ങളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

<u>ശ്രീ. എ. പ്രഭാകരൻ</u>: 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 7 ഇ വകുപ്പിൻകീഴിൽ ഒരു കുടിയാനായി കരുതപ്പെടേണ്ടതാണെന്ന് അവകാശവാദം ഉന്നയിക്കുന്ന ഒരാൾക്ക്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട ലാൻഡ് ട്രിബ്യൂണലിന്റെ 106 ബി വകുപ്പ് പ്രകാരമുള്ള ഉത്തരവിനെതിരെ അപ്പീൽ ബോധിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ലാൻഡ് ട്രിബ്യൂണലിന്റെ ടി ഉത്തരവിനെ അതിജീവിക്കുന്നതിനും ഏറെക്കാലം ഭൂമി കൈവശംവച്ച ആളുകൾക്ക് ഉടമസ്ഥാവകാശം ലഭിക്കുന്നതിനും ഇപ്പോൾ

കൊണ്ടുവന്നിരിക്കുന്ന ഭേദഗതി സഹായകരമാകും. കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനും 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന പ്രഖ്യാപനം സാധ്യമാക്കുന്നതിന് വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. വിവിധ ലാൻഡ് ട്രൈബ്യൂണലുകളിലും താലൂക്ക് ലാൻഡ് ബോർഡുകളിലും കെട്ടികിടക്കുന്ന മിച്ചഭൂമി കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിഞ്ഞാൽ എല്ലാവർക്കും ഭൂമി വിതരണം ചെയ്യാൻ സാധിക്കും.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലിലെ 20, 23 വകുപ്പുകൾപ്രകാരം പിഴത്തുക 25,000 രൂപയെന്നത് 5 ലക്ഷം രൂപയാക്കിയും ലംഘനം തുടരുന്നതിനുള്ള പിഴ ഓരോ ദിവസത്തിനും 1000 രൂപയെന്നത് 50,000 രൂപവരെ ആക്കിയും വർദ്ധിപ്പിക്കുന്ന ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. തുക വർദ്ധിക്കുന്നതിനനുസരിച്ച് ശിക്ഷയുടെ കാലയളവ് വർദ്ധിപ്പിക്കുന്ന രീതി നിയമപരമായി കൊണ്ടുവരാൻ കഴിയില്ല. 23 എ വകുപ്പുപ്രകാരം കണ്ടുകെട്ടിയ മണലിന്റെ മതിപ്പുവില ജില്ലാ കളക്ടർ നിശ്ചയിച്ച് നടപടിക്രമം പാലിച്ചുകൊണ്ട് ലേലത്തിലൂടെ വിൽപ്പന

നടത്തുന്നത് മണൽ ഉപയോഗശൂന്യമായി കെട്ടിക്കിടക്കുന്നതും പല വിധത്തിലുള്ള മോഷണങ്ങൾക്ക് വിധേയമാകുന്നതും തടയാൻ കഴിയും; ഇതിലൂടെ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ കഴിയുന്ന വിധത്തിലുള്ള നടപടിയുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ടി ബില്ലിൽ കൊണ്ടുവന്നിട്ടുള്ള രണ്ട് ഭേദഗതികളും കാലഘട്ടത്തിന് അനിവാര്യമായതാണ്. ഡി.എസ്.ആർ. തയ്യാറാക്കുന്നതിന് കരാറുണ്ടാക്കിയ പത്ത് ജില്ലകളിൽ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനധികൃത മണൽ വാരൽ ഒഴിവാക്കാൻ സാധിക്കുന്നതാണ്; ബാക്കി നാല് ജില്ലകളിലെ ഡി.എസ്.ആർ. തയ്യാറാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. അനധികൃതമായി മണലെടുക്കാൻ പാടില്ലെന്ന സന്ദേശം നിർബന്ധമായും നൽകുന്നതും ഉയർന്ന ശിക്ഷാനടപടികൾ ഏർപ്പെടുത്തിയിട്ടുള്ളതുമായ ഒരു ബില്ലാണിത്. പ്രത്യേക സാഹചര്യത്തിൽ നദികളെയും പുഴകളെയും സംരക്ഷിക്കാനും കേരളത്തിലുണ്ടാകുമെന്ന് പ്രതീക്ഷിച്ച വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനുംവേണ്ടിയാണ് എക്കലും ചെളിയും മാറ്റം ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നത്. അത് അനധികൃതമായി ഉപയോഗിക്കാതിരിക്കാൻ വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും എല്ലാ കമ്മിറ്റികളിലും വിവിധ വകുപ്പുകളെയും പരിസ്ഥിതി ശാസ്ത്രജ്ഞരെയും

തൊഴിലാളി പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് അനധികൃതമായ ഇത്തരം നടപടികളുണ്ടാകാതിരിക്കാനുള്ള കർശനമായ നിയമമാണ് രൂപീകരിച്ചിട്ടുള്ളത്. അതിനെ സ്ട്രെംങ്ത്തൻ ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുന്നത്.

2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലിലെ 7(ഇ) വകുപ്പുപ്രകാരം ടൈറ്റിൽ സർട്ടിഫിക്കറ്റിന് കുടിയാനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട് ലാൻഡ് ട്രൈബ്യൂണലിലുണ്ടാകുന്ന വിധിക്ക് അപ്പീൽ കൊടുക്കാൻ പ്രൊവിഷനില്ലാത്ത സാഹചര്യത്തിൽ ചട്ടം 102-ൽ 106(ബി) അനുസരിച്ച് ക്രയ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനുള്ള അപ്പീൽ പ്രൊവിഷൻകൂടി ഉൾപ്പെടുത്തണമെന്ന ഭേദഗതിയാണ് മുന്നോട്ടുവയ്ക്കുന്നത്. 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലും 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബില്ലും 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നേരം 4.36-ന് പിരിഞ്ഞു.

*********